**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.**2699** 13.03.2020 -ൽ മറുപടിയ്ക്ക്.

## ആധാരം രജിസ്ട്രേഷൻ നടപടികൾ

**ചോദ്യം**

**ശ്രീ.കെ.ജെ. മാക്സി**

**ഉത്തരം**

**ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | 2019-20 വർഷം നാളിതുവരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം എത്രയെന്ന് അറിയിക്കുമോ; | (എ) | 2019-20 വർഷം ഫെബ്രുവരി മാസം വരെ 772497 ആധാരങ്ങൾ രജിസ്റ്റർ ചെയ്തു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ എത്ര തുക ലഭിച്ചു; | (ബി) | 2019-20 ഫെബ്രുവരി മാസം വരെ സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 2177.42 കോടി രൂപ ലഭിച്ചു. |
| (സി) | ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ആധാരം സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്തവരുടെ എണ്ണം എത്ര; ഇത്തരത്തിൽ ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ നടന്ന ഓഫീസ് ഏതാണെന്ന് അറിയിക്കുമോ; | (സി) | 2317 ആധാരങ്ങൾ സ്വന്തമായി തയ്യാറാക്കി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി സബ് രജിസ്ട്രാർ ഓഫീസിലാണ് ഏറ്റവും കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) | ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിൽ മഷി പുരട്ടി വിരലടയാളം പതിയ്ക്കുന്ന രീതി അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇത് എപ്പോൾ മുതൽ നടപ്പിലാക്കുവാൻ സാധിക്കും; വ്യക്തമാക്കുമോ; | (ഡി) | ആധാരം രജിസ്റ്റർ ചെയ്യുമ്പോൾ വിരലിൽ മഷി പുരട്ടി വിരലടയാളം പതിയ്ക്കുന്ന രീതി അവസാനിപ്പിച്ച് പകരം ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാരംഭഘട്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ബയോമെട്രിക് സംവിധാനം നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | ആധാരത്തിന്റെ പകർപ്പ് ഓൺലൈനിൽ ലഭ്യമാക്കുവാൻ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; ആയത് എന്നു മുതൽ പ്രാബല്യത്തിൽ വരുത്തുവാൻ കഴിയും; വ്യക്തമാക്കാമോ? | (ഇ) | 2018 മുതൽ ഓൺലൈൻ പോക്കുവരവിന്റെ ഭാഗമായി സ്കാൻ ചെയ്ത് സൂക്ഷിച്ചിട്ടുള്ള ആധാരങ്ങളുടെ പകർപ്പുകൾ ഓൺലൈനായി കാണുന്നതിനുള്ള സൗകര്യം നിലവിലുണ്ട്. ആധാരപകർപ്പുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിനു മുന്നോടിയായി സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്റ്റർ വാല്യങ്ങൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കുന്നതിനുള്ള പ്രത്യേക പദ്ധതി "അനശ്വര" ആരംഭിക്കുകയും ആയത് സംസ്ഥാനത്തെ 6 ജില്ലകളിൽ പുരോഗമിച്ചുവരികയുമാണ്. കൂടാതെ ഇതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**